# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4138 12.11.2019 -ൽ മറുപടിയ്ക്ക്

## ലോട്ടറി വകുപ്പിന്റെ നവീകരണവും ആധുനികവൽക്കരണവും

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ലോട്ടറി വിൽപ്പനയിലൂടെയുള്ള വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളും അതുവഴി കൈവരിക്കാനായ വരുമാന ലാഭം സംബന്ധിച്ചും വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിലേറിയ ശേഷം സമ്മാനങ്ങളുടെ തുകയിലും എണ്ണത്തിലും വർദ്ധനവ് വരുത്തി സമ്മാന ഘടന നിരവധി തവണ ആകർഷകമാക്കി പരിഷ്കരിച്ചിട്ടുണ്ട്. 30 രൂപ മുഖവിലയുള്ള ഭാഗ്യക്കുറി ടിക്കറ്റുകൾ നിലവിൽ 105.6 ലക്ഷം വരെ അച്ചടിക്കുന്നുണ്ട്. ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിലവിലുണ്ടായിരുന്ന ഓഫീസുകൾക്കു പുറമെ 18 സബ് ഓഫീസുകൾ കൂടി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നവകേരള(NK-1) എന്ന പേരിൽ ഒരു ഭാഗ്യക്കുറി നറുക്കെടുപ്പ് നടത്തുകയും അറ്റാദായമായി 16.57 കോടി രൂപ സർക്കാർ ഖജനാവിലേക്ക് മുതൽക്കൂട്ടുകയും ചെയ്തിട്ടുണ്ട്. |

| സാമ്പത്തിക വർഷം | ലാഭം (കോടിയിൽ) |
|---|---|
| 2016-17 | 1,691.05 |
| 2017-18 | 1,695.05 |
| 2018-19 | 1,673.11 |

| | | | |
|---|---|---|---|
| (ബി) | ലോട്ടറി വകുപ്പിന്റെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും ഈ സർക്കാർ കൈക്കൊണ്ടുവരുന്ന നടപടി ക്രമങ്ങൾ വിശദമാക്കുമോ? | (ബി) | 1. സംസ്ഥാനത്ത് പുതുതായി 18 സബ് ലോട്ടറി ഓഫീസുകൾ ആരംഭിയ്ക്കുകയും പ്രസ്തുത ഓഫീസുകൾക്ക് ആവശ്യമായ കമ്പ്യൂട്ടർ ഹാർഡ് വെയർ ഉൾപ്പെടെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്തു.<br>2. കപ്പാസിറ്റി സർവറുകളുടെ അഭാവത്തിൽ വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നിർവ്വഹിക്കുന്നതിനും ഏജന്റുമാർക്ക് സമയബന്ധിതമായി സർവ്വീസുകൾ ലഭ്യമാക്കുന്നതിനും രണ്ട് ഹൈ എൻഡ് സർവറുകൾ KSITM മുഖേന വാങ്ങുകയുണ്ടായി.<br>3. വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും hardware enhancement, Network revamping എന്നിവ നടപ്പിലാക്കി.<br>4. വലിയ തോതിലുള്ള പണമിടപാട് നടത്തുന്ന ഓഫീസുകളായതിനാൽ വകുപ്പിന് കീഴിലുള്ള 19 ഓഫീസ് ലൊക്കേഷനുകളിൽ CCTV ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി ഓഫീസുകളിൽ CCTV സ്ഥാപിക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു.<br>5. വകുപ്പിന്റെ ബിസിനസ് ട്രാൻസാക്ഷനുകൾ സമയബന്ധിതമായി ഓഡിറ്റ് നിർവ്വഹിക്കുന്നതിന് കോഴിക്കോട് കേന്ദ്രമായി ഒരു ഇന്റേണൽ ഓഡിറ്റ് വിംഗ് ഓഫീസ് ആരംഭിച്ചു.<br>6. ടിക്കറ്റുകളിൽ കൂടുതൽ സെക്യൂരിറ്റി ഫീച്ചറുകൾ C-DIT ന്റെ സഹായത്തോടെ നടപ്പിൽ വരുത്തുകയും ഭാഗ്യക്കുറി ടിക്കറ്റുകളുടെ രൂപകൽപ്പന standardise ചെയ്യുന്നതിന് C-DIT ന്റെ ആഭിമുഖ്യത്തിൽ ഒരു ലാബ് ഡയറക്ടറേറ്റിൽ ആരംഭിയ്ക്കുകയും ചെയ്തു.<br>7. തിരുവനന്തപുരം ജില്ലാ ലോട്ടറി ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുകയുണ്ടായി. കൂടാതെ ആലപ്പുഴ, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ, |

| | | | |
|---|---|---|---|
| | | | താമരശ്ശേരി ഭാഗ്യക്കുറി സബ് ഓഫീസ് എന്നിവിടങ്ങളിൽ ഫർണിഷിംഗ് പുരോഗമിക്കുന്നു.<br>8. വകുപ്പിന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന പഴയ കെൽട്രോൺ സോഫ്റ്റ് വെയറിന് പകരം പുതിയ സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്യാൻ തീരുമാനിക്കുകയും NIC പ്രസ്തുത സോഫ്റ്റ് വെയറിന്റെ ഒന്നാം ഘട്ടം പൂർത്തീകരിച്ച് സെക്യൂരിറ്റി ഓഡിറ്റിംഗ് നിർവ്വഹിക്കുന്നതിനായി STQC-ക്ക് കൈമാറുകയും ചെയ്തു.<br>9. ടിക്കറ്റ് genuiness പരിശോധിക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ, പോർട്ടൽ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |

Priya

സെക്ഷൻ ഓഫീസർ